QP CODE: T5008

Enrollment number : ..........................................

Name : ..........................................

MA DEGREE EXAMINATIONS,MAY 2024
First Semester
MA Malayalam Language and Literature
M21ML04DC - വ്യാകരണപഠനം
( Supplementary / Improvement )
2022 ADMISSIONS

Time: 3 Hours | Max Marks: 70

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. വ്യാകരണപഠനത്തിന്റെ ലക്ഷ്യമെന്താണ്?
2. മാനകഭാഷ എന്നാലെന്ത്?
3. ഫലാശ്രയമായിട്ടുള്ളതാണ് കർമ്മം--വിശദമാക്കുക.
4. അപോദ്ധാരം എന്നാലെന്ത്?
5. ദ്വന്ദ്വസമാസം - വിശദീകരിക്കുക.
6. നാമാദി നാലിനും ചെയ്യാം വിഭാഗം പല ജാതിയിൽ -വിവക്ഷിതമെന്ത്?
7. ധാതുവിനോടു ചേരുന്ന പ്രത്യയങ്ങൾ ഏതെല്ലാം?
8. ഖിലധാതുക്കൾ - കുറിപ്പെഴുതുക.

(2x5=10)

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. വ്യാകരണപഠനഗ്രന്ഥമെന്നനിലയിൽ ലീലാതിലകത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുക.
10. വിനയെച്ചം എന്നാലെന്ത്? എത്രവിധം? വിശദീകരിക്കുക.
11. വിഭക്ത്യാഭാസം എന്നാലെന്ത്? വിമർശനാത്മകമായി വിലയിരുത്തുക.
12. തദ്ധിതം എന്നാലെന്ത്? എത്രവിധം? ഭാഷയിൽ തദ്ധിതങ്ങൾക്കുള്ള പ്രാധാന്യം വിലയിരുത്തുക.
13. ശരിയായ ക്രിയാവിശേഷണങ്ങൾ മലയാളത്തിലുണ്ടോ? പരിശോധിക്കുക.

14. ഭാഷാപഗ്രഥനരീതികൾ പരിചയപ്പെടുത്തുക.
15. അനുപ്രയോഗം എന്നാലെന്ത്? അനുപ്രയോഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുക.
16. തമിഴിലും മലയാളത്തിലും വർത്തമാനകാലത്തിനു വിനയെച്ചം ഇല്ലാതെപോയതെന്തുകൊണ്ട്?
17. ഭാഷയ്ക്ക് സ്വന്തമായി കർമ്മണിപ്രയോഗമുണ്ടോ? അഭിപ്രായം സ്വരൂപിക്കുക.
18. സവർണ്ണനം എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. ഭാഷയിലെ ലിംഗവ്യവസ്ഥ അർത്ഥമനുസരിച്ചാകയാൽ സയുക്തികമായിരിക്കുന്നുണ്ട് --ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.
20. വർണ്ണങ്ങൾക്കു ശ്രുതിഭേദം ഉണ്ടാകാനുള്ള കാരണങ്ങളെന്തെല്ലാം? കേരളപാണിനിയുടെ അഭിപ്രായം ക്രോഡീകരിക്കുക.
21. വർണ്ണവികാരം എന്നാലെന്ത്? വർണ്ണവികാരത്തിനുള്ള കാരണങ്ങളെന്തെല്ലാം?
22. സംസ്കൃതത്തിൽനിന്നു ഭിന്നമായി മലയാളവിഭക്തികൾക്ക് എ.ആർ. പുതിയ സംജ്ഞകൾ നൽകിയതെന്തുകൊണ്ട്?

**(15x2=30)**